15 -ാം കേരള നിയമസഭ

6 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 362 — 23-08-2022 - ൽ മറുപടിയ്ക്ക്

കുടുംബശ്രീ തൊഴിൽദാന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ സൂക്ഷ്മസംരംഭങ്ങളിലൂടെ യുവതീയുവാക്കൾക്ക് നൽകിവരുന്ന തൊഴിൽദാന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | **ഗ്രാമ പ്രദേശങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളോ അയൽക്കൂട്ട അംഗങ്ങളുടെ കുടുംബാംഗങ്ങളോ ആയ 18 നും 60 വയസ്സിനും മദ്ധ്യേ പ്രായമുള്ള സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം, വായ്പ, പലിശ സബ്സിഡി എന്നിവ റൂറൽ മൈക്രോ എൻറർപ്രൈസ് (RME) പദ്ധതി പ്രകാരം നൽകിവരുന്നുണ്ട്. ഗ്രാമ പ്രദേശങ്ങളിലെ 18 നും 45 വയസ്സിനും മദ്ധ്യേയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം, വായ്പ, പലിശ സബ്സിഡി എന്നിവ യുവശ്രീ പദ്ധതി പ്രകാരം നൽകിവരുന്നു. സംസ്ഥാനത്ത് പ്രളയക്കെടുതികൾ മൂലം ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങളിലെ യുവതീ യുവാക്കൾക്ക് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്ലംബിംഗ്, ഇലക്ട്രോണിക്സ് റിപ്പയറിംഗ്, ഇലക്ട്രിക്കൽ ജോലികൾ, കൃഷി അനുബന്ധ ജോലികൾ (തെങ്ങുകയറ്റം/കാട്ടുവെട്ടൽ) ലോൺട്രി & അയണിംഗ്, സെയിൽസ്, ഹൗസ് കീപ്പിംഗ്, ഡേ കെയർ, ഹൗസ് മെയ്ഡ്, ഡാറ്റാ എൻട്രി എന്നീ പത്തു മേഖലകളിൽ എറൈസ് പദ്ധതി മുഖേന പരിശീലനം ലഭ്യമാക്കി വരുന്നു.** |
| (ബി) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്കാണ് തൊഴിൽ ലഭിച്ചതെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ; | (ബി) | **കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളിലൂടെ യുവതീ യുവാക്കൾക്ക് നൽകിവരുന്ന തൊഴിൽദാന പദ്ധതി മുഖേന ആലപ്പുഴ നിയോജക മണ്ഡലത്തിൽ തൊഴിൽ ലഭ്യമായിട്ടുള്ള യുവതീ യുവാക്കളുടെ വിവരം ചുവടെ ചേർക്കുന്നു.**<br><br>**ആലപ്പുഴ മുനിസിപ്പാലിറ്റി - 377**<br><br>**ആര്യാട് ഗ്രാമ പഞ്ചായത്ത് - 116** |

| | | | |
|---|---|---|---|
| | | | **മണ്ണഞ്ചേരി വടക്ക് ഗ്രാമ പഞ്ചായത്ത്- 140**<br><br>**മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്- 149**<br><br>**മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്- 239** |
| (സി) | വനിതകളുടെ സംരംഭം ആരംഭിക്കുന്നതിനും അവർക്ക് ആവശ്യമായ സങ്കേതിക പരിജ്ഞാനം നൽകുന്നതിനും സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ? | (സി) | **സംരംഭം ആരംഭിക്കാൻ താൽപര്യമുള്ള വനിതകൾക്ക് പൊതു അവബോധ പരിശീലനം, സംരംഭകത്വ പരിശീലനം, നൈപുണ്യ പരിശീലനം എന്നിവ നൽകി വരുന്നു. കൂടാതെ സംരംഭം ആരംഭിച്ച ആറു മാസത്തിനുശേഷം പെർഫോമൻസ് ഇംപ്രൂവ്മെന്റ് പരിശീലനങ്ങൾ NIFT, CTCRI, CPCRI തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നുണ്ട്. കൂടാതെ സംരംഭ വികസനത്തിന്റെ ഓരോ ഘട്ടത്തിലും മൈക്രോ എൻറർപ്രൈസ് കൺസൾട്ടന്റുമാരുടെ സേവനവും നൽകി വരുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ